പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1257 — 20/01/2014 ൽ മറുപടിയ്ക്ക്

# ഓൺലൈനായി റവന്യൂ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനു തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ ' ഇ - ഡിസ്ട്രിക്റ്റ്' പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകി വരുന്നു. |
| (ബി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈൻ വഴി ലഭിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) താഴെപ്പറയുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ ഇപ്പോൾ കേരളമൊട്ടാകെ ഓൺലൈൻ വഴി നൽകി വരുന്നുണ്ട്.<br>1. ജാതി സർട്ടിഫിക്കറ്റ്<br>2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്<br>3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്<br>4. ബന്ധുത്വ സർട്ടിഫിക്കറ്റ്<br>5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്<br>6. ഡോമിസൈൽ സർട്ടിഫിക്കറ്റ്<br>7. വരുമാന സർട്ടിഫിക്കറ്റ്<br>8. കൈവശാവകാശ സർട്ടിഫിക്കറ്റ്<br>9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്<br>10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് |

11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്വേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) റവന്യൂ വകുപ്പിലെ ഐ.റ്റി. സെല്ലുകൾ കൂടാതെ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.), അക്ഷയസെന്ററുകൾ എന്നീ ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്. |
| (ഡി) പ്രസ്തുത സർട്ടിഫിക്കറ്റുകൾക്ക് ആധികാരികത നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) G.O.(P) No.24/2010/ITD തീയതി 04.08.2010 പ്രകാരം ഓൺ ലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്, കൂടാതെ 2010 ലെ ഇലക്ട്രോണിക് ഡെലിവറി ഓഫ് സർവ്വീസസ് റൂൾസ് പ്രകാരവും ഇതിന് നിയമസാധുതയുണ്ട്. |
| (ഇ) പ്രസ്തുത സൗകര്യങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കുമോ? | (ഇ) അക്ഷയ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. 15.01.2014 (2 .00 പി.എം.) വരെ 5110664 എണ്ണം സർട്ടിഫിക്കറ്റുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട് എന്നത്, പദ്ധതിയുടെ കാര്യക്ഷമത തെളിയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ